## 2025-ലെ അന്താരാഷ്ട്ര ചൈനീസ് സ്പീക്കിംഗ് കോൺഫറൻസിനുള്ള ദൂതുകളുടെ രൂപരേഖകൾ

## പൊതുവിഷയം:

## റോമാലേഖനത്തിലെ 5 മുതൽ 8 വരെയുള്ള അധ്യായങ്ങൾ—

## വേദപുസ്തകത്തിന്റെ അന്തസാരം

ദൂത് അഞ്ച്

## ഉൾവസിക്കുന്ന ക്രിസ്തു

JL Hymns: ML247

തിരുവെഴുത്ത് വായന: റോമ. 8:9-11, 28-29

റോമ. 8:9 എന്നാൽ ദൈവത്തിന്റെ ആത്മാവ് നിശ്ചയമായും നിങ്ങളിൽ വസിക്കുന്നു എങ്കിൽ, നിങ്ങൾ ജഡത്തിലല്ല ആത്മാവിലത്രേ ആകുന്നു. എങ്കിലും ഒരുവന് ക്രിസ്തുവിന്റെ, ആത്മാവില്ലെങ്കിൽ, അവൻ അവനിൽനിന്നുള്ളവനല്ല.

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

റോമ. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

റോമ. 8:28 ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

**I. റോമർ 8-നെ മുഴുവൻ ബൈബിളിന്റെ ദൃഷ്ടികേന്ദ്രമായും പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദുവായും കണക്കാക്കുവാൻ കഴിയും; അതിനാൽ, നാം റോമർ 8 അനുഭവമാക്കുകയാണെങ്കിൽ, നാം പ്രപഞ്ചത്തിന്റെ കേന്ദ്രത്തിലാണ്.**

Rom 8 be omitted.

**II. റോമർ 8 ഒരു ഉപദേശപരമായ അധ്യായമല്ല, ഒരു അനുഭവപരമായ അധ്യായമാണ്; അത് ത്രിത്വത്തിന്റെ ഉപദേശത്തെക്കുറിച്ചല്ല, ക്രിസ്തീയ ജീവിതാനുഭവത്തിലെ ത്രിത്വത്തെക്കുറിച്ചത്രേ സംസാരിക്കുന്നത്.**

Rom 8 be omitted.

**III. ജീവന്റെ ആത്മാവിന്റെ പ്രമാണമെന്ന നിലയിൽ പ്രക്രിയാവിധേയനായ ത്രിയേകദൈവം വിശ്വാസികൾക്ക് തങ്ങളുടെ ജീവിതത്തിനായി ദിവ്യജീവൻ നൽകുന്നുവെന്ന് റോമർ 8 വെളിപ്പെടുത്തുന്നു—വാ. 2, 6, 10-11, 26-29.**

Rom 8 be omitted.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും

മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

റോമ. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

റോമ. 8:26 അത്രയുമല്ല, നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുവാൻ ആത്മാവും അപ്രകാരം തന്നെ പങ്കുചേരുന്നു, എന്തെന്നാൽ ഉചിതമാംവണ്ണം എന്തിനുവേണ്ടി പ്രാർഥിക്കേണം എന്ന് നാം അറിയുന്നില്ല, എന്നാൽ ആത്മാവുതാൻ ഉച്ചരിക്കുവാൻ കഴിയാത്ത ഞരക്കങ്ങളോടെ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു.

റോമ. 8:27 എന്നാൽ ഹൃദയങ്ങളെ പരിശോധിക്കുന്നവൻ ആത്മാവിന്റെ മനസ്സ് എന്തെന്ന് അറിയുന്നു, എന്തുകൊണ്ടെന്നാൽ അവൻ ദൈവത്തിനൊത്തവണ്ണം വിശുദ്ധന്മാർക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു.

റോമ. 8:28 ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

**IV. റോമർ 8 ത്രിയേക ദൈവത്തിന്റെ ആത്യന്തിക പരിണതിയായ സർവ്വവും ഉൾക്കൊള്ളുന്ന ജീവൻനൽകുന്ന ആത്മാവെന്ന വിഷയത്തെക്കുറിച്ചാണ് പരാമർശിക്കുന്നത്; ഈ ആത്മാവ് നമ്മെ ജീവനിലും, സ്വഭാവത്തിലും, ആവിഷ്കാരത്തിലും ക്രിസ്തുവിനെപ്പോലെ തന്നെയാക്കും; ഇതാണ് റോമർ 8.**

Rom 8 be omitted.

**V. "എന്നാൽ ദൈവത്തിന്റെ ആത്മാവ് നിശ്ചയമായും നിങ്ങളിൽ വസിക്കുന്നു എങ്കിൽ, നിങ്ങൾ ജഡത്തിലല്ല ആത്മാവിലത്രേ ആകുന്നു"—വാ. 9a:**

A. ഈ അധ്യായത്തിൽ ത്രിയേകദൈവം—പിതാവ് (വാ. 15), പുത്രൻ (വാ.3, 29, 32), ആത്മാവ് (വാ. 9, 11, 13-14, 16, 23, 26)—ക്രിസ്തുവിന്റെ ശരീരത്തിന്റെ സംരചനക്കായി (വാ. 12:4-5) നമ്മെ അവന്റെ പുത്രന്മാരാക്കുവാൻ (വാ. 14-15, 19, 23, 29, 17) ത്രിഭാഗീയ മനുഷ്യരായ—ആത്മാവ്, ദേഹി, ദേഹം—നമ്മിലേക്ക് എപ്രകാരം തന്നെത്തന്നെ ജീവനായി (വാ. 2, 6, 10, 11) പകരുന്നു എന്ന് അനാവരണം ചെയ്യുന്നു.

റോമ. 8:15 നിങ്ങളെ വീണ്ടും ഭയത്തിലേക്ക് കൊണ്ടുവരുന്ന അടിമത്തത്തിന്റെ

ആത്മാവിനെയല്ല, നാം അബ്ബാ പിതാവേ! എന്ന് നിലവിളിക്കുന്ന പുത്രത്വത്തിന്റെ ആത്മാവിനെയത്രേ നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്.

റോമ. 8:3 ജഡത്താലുള്ള ബലഹീനതയിൽ, ന്യായപ്രമാണത്തിന് ചെയ്യുവാൻ കഴിയാത്തതിനെ, ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം സംബന്ധിച്ചും അയച്ച്, പാപത്തെ ജഡത്തിൽ ശിക്ഷവിധിച്ചു,

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

റോമ. 8:32 തീർച്ചയായും, തന്റെ സ്വന്ത പുത്രനെ അവശേഷിപ്പിക്കാതെ, നമുക്കെല്ലാവർക്കും വേണ്ടി അവനെ ഏൽപ്പിച്ചുതന്നവൻ, അവനോടുകൂടെ സകലവും നമുക്ക് സൗജന്യമായി എങ്ങനെ നൽകാതിരിക്കും?

റോമ. 8:9 എന്നാൽ ദൈവത്തിന്റെ ആത്മാവ് നിശ്ചയമായും നിങ്ങളിൽ വസിക്കുന്നു എങ്കിൽ, നിങ്ങൾ ജഡത്തിലല്ല ആത്മാവിലത്രേ ആകുന്നു. എങ്കിലും ഒരുവന് ക്രിസ്തുവിന്റെ, ആത്മാവില്ലെങ്കിൽ, അവൻ അവനിൽനിന്നുള്ളവനല്ല.

റോമ. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

റോമ. 8:13 നിങ്ങൾ ജഡപ്രകാരം ജീവിക്കുന്നു എങ്കിൽ, നിങ്ങൾ മരിക്കണം, എന്നാൽ ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ നിങ്ങൾ മരിപ്പിക്കുന്നു എങ്കിൽ, നിങ്ങൾ ജീവിക്കും.

റോമ. 8:14 എന്തെന്നാൽ ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്നവരൊക്കെയും, ദൈവത്തിന്റെ പുത്രന്മാർ ആകുന്നു.

റോമ. 8:16 നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു.

റോമ. 8:23 അതു മാത്രമല്ല, ആത്മാവിന്റെ ആദ്യഫലം ഉള്ളവരായ നാമും, നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ, പുത്രത്വത്തെ പ്രതീക്ഷയോടെ കാത്തിരുന്നുകൊണ്ട് നമ്മിൽത്തന്നെ ഞരങ്ങുന്നു.

റോമ. 8:26 അത്രയുമല്ല, നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുവാൻ ആത്മാവും അപ്രകാരം തന്നെ പങ്കുചേരുന്നു, എന്തെന്നാൽ ഉചിതമാംവണ്ണം എന്തിനുവേണ്ടി പ്രാർഥിക്കേണം എന്ന് നാം അറിയുന്നില്ല, എന്നാൽ ആത്മാവുതാൻ ഉച്ചരിക്കുവാൻ കഴിയാത്ത ഞരക്കങ്ങളോടെ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

റോമ. 8:19 എന്തെന്നാൽ സൃഷ്ടിയുടെ ഉത്കണ്ഠാപൂർവമുള്ള നിരീക്ഷണം ദൈവപുത്രന്മാരുടെ വെളിപാടിനെ പ്രതീക്ഷയോടെ കാത്തിരിക്കുന്നു.

റോമ. 8:17 മക്കൾ എങ്കിൽ അവകാശികളും ആകുന്നു; ഒരുവശത്ത്, ദൈവത്തിന്റെ അവകാശികൾ മറുവശത്ത്, ക്രിസ്തുവിനോടുകൂടെ കൂട്ടവകാശികൾ; നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന് തീർച്ചയായും നാം അവനോടുകൂടെ കഷ്ടം അനുഭവിക്കുന്നെങ്കിലത്രേ.

റോമ. 12:4 ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ,

റോമ. 12:5 പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു.

B. ത്രിയേകദൈവത്തിന്റെ ആത്മാവിനെ നമ്മിൽ തന്റെ ഭവനം പണിയുവാൻ നാം അനുവദിക്കുന്നുവെങ്കിൽ, നമ്മുടെ അനുഭവത്തിൽ ഇനിമേൽ നാം ജഡത്തിലല്ല, ആത്മാവിലാണ്.

C. നാം അപ്രകാരമാണെങ്കിൽ, ആത്മാവായ ത്രിയേക ദൈവത്തിന് നമ്മുടെ ആത്മാവിൽനിന്ന് (8:10) നമ്മുടെ മനസ്സ് പ്രതിനിധീകരിക്കുന്ന നമ്മുടെ ദേഹിയിലേക്ക് വ്യാപിക്കുവാൻ കഴിയും (വാ. 6), ഒടുവിൽ അവൻ നമ്മുടെ മർത്യശരീരത്തിനുപോലും ജീവൻ നൽകും (വാ. 11).

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

റോമ. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

## VI. “എങ്കിലും ഒരുവന് ക്രിസ്തുവിന്റെ ആത്മാവില്ലെങ്കിൽ, അവൻ അവനിൽനിന്നുള്ളവനല്ല”—വാ. 9b:

A. ഇത്കാണിക്കുന്നത് നാം ക്രിസ്തുവിൽ നിന്നുള്ളവരായിരിക്കുന്നത് അവന്റെ ആത്മാവിനെ ആശ്രയിച്ചിരിക്കുന്നു എന്നാണ്.

B. ക്രിസ്തുവിന്റെ ആത്മാവില്ലായിരുന്നുവെങ്കിൽ, അഥവാ ക്രിസ്തു ആത്മാവല്ലായിരുന്നുവെങ്കിൽ, നമുക്ക് അവനോട് ചേരുവാനും അവന്റേതായിരിക്കുവാനും ഒരു മാർഗവും ഉണ്ടായിരിക്കുമായിരുന്നില്ല.

C. എന്നിരുന്നാലും, ക്രിസ്തു ആത്മാവാണ് (2 കൊരി. 3:17), അവൻ നമ്മുടെ ആത്മാവിൽ വസിക്കുന്നു (2 തിമൊ. 4:22), അവൻ നമ്മോടുകൂടെ ഏകാത്മാവാണ് (1 കൊരി. 6:17).

2 കൊരി. 3:17 കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്.

2 തിമൊ. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

1 കൊരി. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

D. ദൈവത്തിന്റെ ആത്മാവും ക്രിസ്തുവിന്റെ ആത്മാവും രണ്ട് ആത്മാക്കളല്ല, ഒന്നാണ്.

E. റോമർ അധ്യായം 8-ലെ വാക്യം 2-ലുള്ള ഉൾവസിക്കുന്ന ജീവന്റെ ആത്മാവ് സമ്പൂർണ്ണ ത്രിയേകദൈവത്തിന്റെ സർവവും ഉൾക്കൊള്ളുന്ന ജീവൻ നൽകുന്ന ആത്മാവെന്ന് സൂചിപ്പിച്ചുകൊണ്ട് പൗലൊസ് ഈ സ്ഥാനപ്പേരുകൾ പരസ്പരം മാറ്റിഉപയോഗിക്കുന്നു.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

F. ദൈവവും ആത്മാവും ക്രിസ്തുവും വാക്യം 9-ൽ പരാമർശിക്കപ്പെടുന്നു.

റോമ. 8:9 എന്നാൽ ദൈവത്തിന്റെ ആത്മാവ് നിശ്ചയമായും നിങ്ങളിൽ വസിക്കുന്നു എങ്കിൽ, നിങ്ങൾ ജഡത്തിലല്ല ആത്മാവിലത്രേ ആകുന്നു. എങ്കിലും ഒരുവന് ക്രിസ്തുവിന്റെ, ആത്മാവില്ലെങ്കിൽ, അവൻ അവനിൽനിന്നുള്ളവനല്ല.

G. നമ്മിൽ മൂന്നുപേരില്ല; ത്രിയേകദൈവത്തിന്റെ ത്രിയേക ആത്മാവായ ഒരുവൻ മാത്രമേയുള്ളൂ—യോഹ. 4:24; 2 കൊരി. 3:17; റോമ. 8:11.

യോഹ. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

2 കൊരി. 3:17 കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്.

റോമ. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

**VII. "എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു"—വാ. 10:**

A. "ക്രിസ്തു...നിങ്ങളിൽ" എന്നതാണ് റോമർക്ക് എഴുതിയലേഖനത്തിലെ നിർണായകമായ കാര്യം:

1. മൂന്നാം അധ്യായത്തിൽ, നമ്മുടെ വീണ്ടെടുപ്പിനായി തന്റെ രക്തം ചൊരിഞ്ഞുകൊണ്ട് ക്രസ്തു ക്രൂശിലാണ്.

2. നാലാം അധ്യായത്തിൽ ക്രിസ്തു പുനരുത്ഥാനത്തിലാണ്.

3. ആറാം അധ്യായത്തിൽ നാം ക്രിസ്തുവിലാണ്.

4. എട്ടാം അധ്യായത്തിൽ ക്രിസ്തു നമ്മിലുള്ള ആത്മാവാണ്.

B. നാം കർത്താവിൽ വിശ്വസിക്കുന്നതിനുമുമ്പ്, അകമേയുള്ള നമ്മുടെ ആത്മാവ് നിർജീവമായിരിക്കുകയും, പുറമേയുള്ള നമ്മുടെ ശരീരം ജീവനുള്ളതായിരിക്കുകയും ചെയ്തു.

C. ഇപ്പോൾ ക്രിസ്തു നമ്മിൽ ഉള്ളതിനാൽ, പുറമേയുള്ള നമ്മുടെ ശരീരം പാപം നിമിത്തം മരിച്ചതാണെങ്കിലും, അകമേയുള്ള നമ്മുടെ ആത്മാവ് നീതി നിമിത്തം ജീവനാകുന്നു.

D. ക്രിസ്തു ജീവനായി നമ്മിലേക്ക് വരുന്നത് നമ്മുടെ ശരീരത്തിന്റെ മരണാവസ്ഥയെ തുറന്നുകാട്ടുന്നു.

E. നമ്മുടെ ആത്മാവിൽ നീതിയെന്ന നിലയിൽ ആത്മാവായ ക്രിസ്തുവുണ്ട്, അത് ജീവനിൽ പരിണമിക്കുന്നു; എന്നാൽ നമ്മുടെ ജഡത്തിൽ പാപമെന്ന നിലയിൽ സാത്താൻ ഉണ്ട്, അത് മരണത്തിൽ പരിണമിക്കുന്നു.

F. മനുഷ്യന്റെ വീഴ്ചയിലൂടെ, പാപം, അതിനോടൊപ്പം മരണത്തെ കൊണ്ടുവന്ന് മനുഷ്യശരീരത്തിൽ പ്രവേശിച്ച്, അതിനെ ദൈവത്തിന്റെ കാര്യങ്ങളിൽ നിർജീവവും ബലഹീനവുമായിത്തീരുവാൻ ഇടയാക്കി:

1. ദൈവം ജഡത്തിൽ പാപത്തെ കുറ്റംവിധിച്ചെങ്കിലും (വാ. 3), മനുഷ്യന്റെ വീണുപോയ ശരീരത്തിൽനിന്ന് ഈ പാപം വേരോടെ പിഴുതെറിയപ്പെടുകയോ തുടച്ചുനീക്കപ്പെടുകയോ ചെയ്തിട്ടില്ല.

റോമ. 8:3 ജഡത്താലുള്ള ബലഹീനതയിൽ, ന്യായപ്രമാണത്തിന് ചെയ്യുവാൻ കഴിയാത്തതിനെ, ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം സംബന്ധിച്ചും അയച്ച്, പാപത്തെ ജഡത്തിൽ ശിക്ഷവിധിച്ചു,

2. അതുകൊണ്ട്, നമ്മുടെ ശരീരം ഇപ്പോഴും മരിച്ചതാകുന്നു.

G. വീണുപോയ മനുഷ്യശരീരത്തിന് വിരുദ്ധമായി, റോമർ 8:10-ലെ ആത്മാവ് വീണ്ടുംജനിച്ച മനുഷ്യാത്മാവാണ്.

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

H. നീതിനിമിത്തം ആത്മാവ് ജീവനാകുന്നു എന്നത് ദൈവത്തിന്റെ ആത്മാവിനെയല്ല, നമ്മുടെ മനുഷ്യാത്മാവിനെയാണ് സൂചിപ്പിക്കുന്നത്.

I. നമ്മുടെ ആത്മാവ് വീണ്ടുംജനിക്കുകയും ജീവിപ്പിക്കപ്പെടുകയും മാത്രമല്ല ചെയ്തത്; അത് ജീവനായിത്തീരുകയും ചെയ്തിരിക്കുന്നു:

1. നാം ക്രിസ്തുവിൽ വിശ്വസിച്ചപ്പോൾ, അവൻ ജീവന്റെ ദിവ്യാത്മാവായി നമ്മുടെ ആത്മാവിലേക്ക് വരുകയും, അവനെത്തന്നെ അതുമായി ഇഴുകിച്ചേർക്കുകയുംചെയ്തു.

2. അങ്ങനെ രണ്ട് ആത്മാക്കൾ ഒരു ആത്മാവ് ആയിത്തീർന്നിരിക്കുന്നു—1 കൊരി. 6:17.

1 കൊരി. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

J. ദൈവത്തിന്റെ നീതീകരണത്തിൽ നമുക്ക് നീതി ലഭിച്ചിരിക്കുന്നു, അത് ത്രിയേകദൈവംതന്നെ നമ്മുടെ ആളത്തത്തിലേക്ക്, നമ്മുടെ ആത്മാവിക്ക് പ്രവേശിക്കുന്നതാണ്—റോമ. 8:10:

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

1. ഈ നീതി ജീവനിൽ പരിണമിക്കുന്നു—5:18, 21.

റോമ. 5:18 അതുകൊണ്ട് ഏക അതിക്രമത്തിലൂടെ സകല മനുഷ്യർക്കും അത് ശിക്ഷാവിധിയിങ്കലേക്ക് ആയിരുന്നതുപോലെ, ഏക നീതിപ്രവൃത്തിയിലൂടെ സകല മനുഷ്യർക്കും അത് ജീവന്റെ നീതീകരണത്തിങ്കലേക്കും ആയിരുന്നു.

റോമ. 5:21 എപ്രകാരം പാപം മരണത്തിൽ വാണുവോ, അപ്രകാരം തന്നെ കൃപ നീതിയിലൂടെ നിത്യജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ വാഴേണ്ടതിനു തന്നെ.

2. ഇപ്പോൾ നമ്മുടെ ആത്മാവ് കേവലം ജീവനുള്ളത് മാത്രമല്ല, അത് ജീവനാണ്.

**VIII."യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും"—8:11:**

A. ഈ വാക്യത്തിൽ നമുക്ക് സമ്പൂർണ്ണ ത്രിയേകദൈവവുമുണ്ട്—"യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ," "ക്രിസ്തു," "നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവ്."

B. *നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും* എന്ന വാക്കുകളിൽനിന്ന് കാണാവുന്നതുപോലെ, ക്രിസ്തു തന്നെത്തന്നെ വിശ്വാസികളിലേക്ക് പകരുന്നു, ഇത് സൂചിപ്പിക്കുന്നത് പകർച്ച സംഭവിക്കുന്നത് നമ്മുടെ ആളത്തത്തിന്റെ കേന്ദ്രത്തിൽ മാത്രമല്ല, അത് ചുറ്റളവിലേക്കും, നമ്മുടെ മുഴുവൻ ആളത്തത്തിലേക്കും എത്തുന്നു എന്നാണ്.

C. *ജീവൻ നൽകും* എന്നത് ദിവ്യ രോഗശാന്തിയെയല്ല, പിന്നെയോ ദൈവാത്മാവിനെ നമ്മിൽ തന്റെ ഭവനം പണിയുവാനും, നമ്മുടെ മുഴുവൻ ആളത്തത്തെയും ദിവ്യജീവനാൽ സാന്ദ്രീകരിക്കുവാനും അനുവദിക്കുന്നതിന്റെ ഫലത്തെയാണ് സൂചിപ്പിക്കുന്നത്.

D. ഈ രീതിയിൽ നമ്മുടെ മർത്യവും, മരിച്ചുകൊണ്ടിരിക്കുന്നതുമായ ശരീരത്തിന് അവൻ തന്റെ ജീവൻ നൽകുന്നത് അതിനെ കേവലം സൗഖ്യമാക്കുവാൻ മാത്രമല്ല, തന്റെ ഹിതം നിറവേറ്റുന്നതിനായി അതിനെ ജീവിപ്പിക്കുന്നതിനും വേണ്ടിയാണ്.